
ഔഷധ വിലവർധനവും ജനങ്ങളുടെ ആരോഗ്യവും



കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ഔഷധ വില നിയന്ത്രണ നിയമത്തിൽ അയവുവരുത്തിക്കൊണ്ട് National Pharmaceuticals Pricing Authority (NPPA) നിരവധി മരുന്നുകളുടെ വില വർധിപ്പിച്ച നടപടി ആരോഗ്യമേഖലയിൽ വലിയ പ്രതിസന്ധിക്ക് കാരണമായിരിക്കയാണ്. 17 മരുന്നുകളുടെ വില 3.5 ശതമാനംമുതൽ 9.6 ശതമാനം വരെ വർധിപ്പിക്കാനും 26 മരുന്നുകളുടെ വില 51 ശതമാനം കണ്ട് കുറയ്ക്കാനും തീരുമാനിച്ചതായാണ് NPPA അറിയിച്ചത്. വളരെയധികം പേരെ ബാധിക്കുകയും കൂടുതൽ കാലയളവ് (പലപ്പോഴും ജീവിതകാലം മുഴുവൻ) ചികിത്സ ആവശ്യമായവയുമായ പ്രമേഹം, രക്തസമ്മർദ്ദം, അപസ്മാരം, പാർക്കിൻസൻ രോഗം, ആസ്ത്മ തുടങ്ങിയ രോഗങ്ങൾക്കാവശ്യമായ മരുന്നുകളുടെ വിലയാണ് വർധിപ്പിച്ചിട്ടുള്ളത്.

മാത്രമല്ല, NPPA പ്രഖ്യാപിച്ച വില വർധന നിരക്കിൽ നിന്ന് വ്യത്യസ്തമായി പല മരുന്നുകളുടെയും വില കുത്തനെ ഉയർന്നിരിക്കയാണ്. ഉദാഹരണത്തിന് സാധാരണ ഇൻസുലിന്റെ വില **50.34** രൂപയിൽ നിന്നും 72.34 രൂപയായും ലെന്റെ ഇൻസുലിന്റെ വില 50.25 രൂപയിൽ നിന്ന് 72.48 രൂപയായും അപസ്മാര ചികിത്സക്ക് ആവശ്യമായ ഒരു മരുന്നിന്റെ വില 8.43 രൂപയിൽനിന്നും 11.03 രൂപയായും വർധിപ്പിച്ചിരിക്കയാണ്. രക്തസമ്മർദത്തിനുള്ള മരുന്നിന്റെ വില 13.35 രൂപയിൽ നിന്ന് 35 രൂപയായും പാർക്കിൻ സൻരോഗത്തിനുള്ള ലെവോഡോപ്പ (Levodopa) എന്ന മരുന്നിന്റെ വില ഏതാണ്ട് മൂന്നിരട്ടിയായി 14.62 രൂപയിൽ നിന്ന് 38.22 രൂപയായും വർധിച്ചിരിക്കുന്നു.

ഔഷധവിലയിലുണ്ടായ ഈ വർധന തികച്ചും അപ്രതീക്ഷിതമായി സംഭവിച്ചതല്ല. ഔഷധവിപണിയിലുണ്ടായികുന്ന ദേശീയവും സാർവദേശീയവുമായ നിരന്തര മാറ്റത്തിന്റെ ഭാഗമായിട്ടു വേണം ഇപ്പോഴത്തെ വില വർധനവിനെ വിലയിരുത്തേണ്ടത്.

ഇന്ത്യയിൽ ഔഷധവില നിയന്ത്രിച്ചു നിർത്തുന്നതിൽ വലിയൊരു പങ്കു വഹിച്ചിരുന്ന ഔഷധ വില നിയന്ത്രണനിയമം (Drug Price Control Order - DPCO) നീക്കം ചെയ്യണമെന്ന ദേശീയ– വിദേശ കുത്തക കമ്പനികളുടെ ദീർഘകാല സമ്മർദത്തിനുമുൻപിൽ ഗവൺമെന്റ് മുട്ടുകുത്തുന്ന

തിന്റെ ഫലമായിട്ടാണ് ഔഷധവില വർധിപ്പിക്കാൻ NPPA തീരുമാനിച്ചത്. ജനതാ ഗവൺമെന്റിന്റെ കാലത്ത് ഹാത്തികമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഔഷധവില നിയന്ത്രണനിയമം വഴി DPCO 347 മരുന്നുകളുടെ വില നിയന്ത്രിച്ചിരുന്നു. പിന്നീട് 1986 ൽ അത് 163 മരുന്നുകൾക്കായി പരിമിതപ്പെടുത്തി. 1995 ലാവട്ടെ 73 മരുന്നുകൾക്ക് മാത്രമായി വില നിയന്ത്രണം ചുരുക്കി. മൊത്തം ഔഷധ മാർക്കറ്റിന്റെ 70 ശതമാനമാണ് 1995 ന് മുമ്പ് വില നിയന്ത്രണത്തിന്റെ പരിധിയിൽ വന്നിരുന്നതെങ്കിൽ 1995ന് ശേഷം അത് 30 ശതമാനമായി കുറഞ്ഞിരിക്കുന്നു.

പരിമിതമായ ഈ വില നിയന്ത്രണം പോലും നീക്കം ചെയ്യണമെന്ന് മരുന്നുകമ്പനികൾ ആവശ്യപ്പെട്ടു വരികയായിരുന്നു. ഇന്ത്യൻ ഔഷധ കുത്തകകമ്പനികളുടെ സംഘടനയായ Indian Drug Manufactures Association (IDMA) യും വിദേശ ഔഷധ കുത്തക കമ്പനികളുടെ സംഘടനയായ Organisation of Pharmaceutical Producers of India (OPPI) യും DPCO പൂർണമായും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുവരികയായിരുന്നു. അടിസ്ഥാന ഔഷധനിർമാതാക്കളുടെ സംഘടനയായ Bulk Drug Manufactures Association (BDMA) ചേരുകയും വില നിയന്ത്രണം നീക്കംചെയ്താൽ വില കുറച്ച് ഔഷധം മാർക്കറ്റ് ചെയ്യാൻ തയ്യാറാവാമെന്ന് പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ഇവരോടൊപ്പം ചേർന്നുകൊണ്ട് കേന്ദ്രധനവകുപ്പ് സെക്രട്ടറി വിജയ്കെൽക്കർ കേവലം 15 മരുന്നുകൾക്ക് മാത്രമായി വില നിയന്ത്രണം പരിമിതപ്പെടുത്തണമെന്ന് ഏതാനും മാസം മുമ്പ് നിർദേശിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ 17 മരുന്നുകളുടെ വില ഉടനെയും ബാക്കിയുള്ള 56 മരുന്നുകളുടെ വില ആറുമാസം കൂടുമ്പോൾ 19 എണ്ണം വീതം ഘട്ടം ഘട്ടമായും നിയന്ത്രണ പരിധിയിൽ നിന്ന് ഒഴിവാക്കാൻ NPPA തീരുമാനിച്ചിരുന്നതാണ്. അതുകൊണ്ടാണ് ഇപ്പോഴത്തെ വില വർധനവിൽ അത്ഭുതപ്പെടാനൊന്നുമില്ലെന്ന് സൂചിപ്പിച്ചത്.

DPCO നിലനിൽക്കെതന്നെ വില നിയന്ത്രണത്തിന്റെ പരിധിയിൽ വരുന്ന മരുന്നുകൾ നിയമവിരുദ്ധമായി പല മരുന്നുകമ്പനികളും വില കൂട്ടി വിറ്റിരുന്നു. ഇങ്ങനെ നിയമലംഘനം നടത്തി കൊള്ള ലാഭം തട്ടിയെടുത്തിരുന്ന ഹെക്സ്റ്റ്, ഗ്ലാക്സോ, ഫൈസർ, തുടങ്ങിയ കമ്പനികളിൽ നിന്ന് അധികമായി നേടിയ 2 കോടി രൂപ തിരിച്ചു പിടിക്കണമെന്ന് സുപ്രീം കോടതി ഒരു പൊതു താൽപര്യ ഹർജിയെ തുടർന്ന് 1987- ൽ നിർദ്ദേശിച്ചിരുന്നതാണ്. ഒരു ഉദാഹരണം ചൂണ്ടിക്കാട്ടിയാൽ 22 രൂപയ്ക്ക് വിൽക്കേണ്ട നോർഫ്ളോക്സാസിൻ (Norfloxacin) എന്ന മരുന്ന്(10 എണ്ണ

ത്തിന്) 52.26 രൂപക്കാണ് ഒരു കമ്പനി വിറ്റുവന്നിരുന്നത്. 22 രൂപയ്ക്കാണ് ഈ മരുന്നു വിൽക്കേണ്ടിയിരുന്നത്. (പട്ടിക ഒന്ന്)

പട്ടിക ഒന്ന്

ബ്രാൻഡു വിലകളിലെ അന്തരം

മരുന്ന്: NORFLOXACIN (നോർഫ്ളോക്സാസിൻ) 400 മി.ഗ്രാം x10

ബ്രാൻഡ്	കമ്പനി	വില
NORBACTIN (നോർബാക്ടിൻ)	RANBAXY റാൻബാക്സി	47.00
NORFLOX (നോർഫ്ളോക്സ്)	CIPLA സിപ്ലാ	47.00
NORMAX (നോർമാക്സ്)	IPCA (ഇപ്കാ)	20.84
URIBEN (യൂറിബെൻ)	CFL Pharma (സി.എഫ്.എൽ ഫാർമാ)	39.50
URO FLOX (യൂറോഫ്ളോക്സ്)	TORRENT (ടോറന്റ്)	20.53
BIO FLOXIN (ബയോഫ്ളോക്സിൻ)	BIOCHEM (ബയോകെം)	20.44

ഇതേപോലെ വിലകൂട്ടി വിറ്റുവന്നിരുന്ന മറ്റൊരു മരുന്നാണ് സിപ്രോഫ്ളക്സാസിൻ Cifrofloxacin) ഈ രണ്ട് മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിൽ നിന്ന് ഗവൺമെന്റിനെ വിലക്കിക്കൊണ്ട് പിന്നീട് കോടതിയിൽ നിന്ന് മരുന്നുകമ്പനികൾ സ്റ്റേയും വാങ്ങിയിരുന്നു. കർണാടക സംസ്ഥാനത്ത് മാത്രം RANBAXY, NATCO തുടങ്ങിയ കമ്പനികൾ അമോക്സിസിലിൻ (Amoxicilin) ക്ലോക്സാസിലിൻ (Cloxacilin), മെട്രോനിഡസോൾ (Metronidozole), തുടങ്ങിയ മരുന്നുകൾ അമിത വില ഈടാക്കി വിറ്റതുവഴി 36 കോടി രൂപയുടെ അധികവരുമാനം നേടിയെടുത്തതായി കണ്ടുപിടിച്ചിരുന്നു.

സർക്കാരുമായി ഒത്തുകളിക്കുമ്പോൾ തന്നെ അമിത ലാഭമുണ്ടാക്കുന്ന മരുന്നുകമ്പനികൾ ജനങ്ങളെ വഞ്ചിച്ച് മറ്റു പല തട്ടിപ്പുകളും നടത്തി വരുന്നുണ്ട്. വിലനിയന്ത്രണം ഏർപ്പെടുത്തുന്ന മരുന്നുകളുടെ ഉൽപാദനം നിർത്തുന്നതാണ് ഒരു തന്ത്രം. ഫൈസർ എന്ന അമേരിക്കൻ കുത്തക

കമ്പനിയുടെ മരുന്നുകളായ ഡയബെനീസ്, കോമ്പാട്രിൻ, എന്നീ മരുന്നുകളുടെ വില യഥാക്രമം 26, 60 ശതമാനമായി കുറക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. രണ്ട് മരുന്നുകളുടേയും ഉല്പാദനം നിർത്തിവെച്ചുകൊണ്ടാണ് ഫൈസർ ഇതിനോട് പ്രതികരിച്ചത്. ഒരു ഔഷധത്തിന്റ വിലകുറച്ചാൽ അതിലടങ്ങിയിരിക്കുന്ന ഔഷധ ചേരുവയിൽ മാറ്റം വരുത്തി പഴയവില അതേപടി നിലനിർത്തുന്നതാണ് മറ്റൊരു അടവ്. ഫൈസർ കമ്പനി മാർക്കറ്റ് ചെയ്തിരുന്ന കോറെക്സ് (Corex) എന്ന ചുമ സംഹാരിയുട വിലകുറച്ചപ്പോൾ ചേരുവയിൽ നിന്ന് എഫഡ്രിൻ (Ephedrine) എന്ന ഘടകം നീക്കി വില പഴയപടി നില നിർത്തുകയാണ് കമ്പനി ചെയ്തത്.

ഔഷധത്തിന്റെ ഗുണനിലവാരവും പ്രയോഗക്ഷമതയും പരിശോധിച്ച് ഉറപ്പുവരുത്തേണ്ട Food And Drug Administration (FDA) ന്റെ ദൗർബല്യങ്ങളും ചാഞ്ചാട്ടങ്ങളും മുതലെടുത്തുകൊണ്ട്മരുന്നുകമ്പനികൾ പ്രത്യക്ഷത്തിൽ തന്നെ കണ്ടുപിടിക്കാവുന്ന പല തട്ടിപ്പുകളും പ്രയോഗിക്കാറുണ്ട്. ഉദാഹരണത്തിന് പല ആവശ്യങ്ങൾക്കായി പല അളവിൽ നിർമ്മിക്കുന്ന ഔഷധങ്ങളിലൊന്നാണ് ആസ്പിരിൻ. 50 മി.ഗ്രാം, 75 മി.ഗ്രാം, 150 മി.ഗ്രാം, 650. മി.ഗ്രാം ഇങ്ങനെ പലഡോസുകളിൽ ലഭിക്കും. വിലയാവട്ടെ 1.92 രൂപ മുതൽ 7.80 വരെ. 325 മി.ഗ്രാം ആസ്പിരിൻ വില 19 പൈസയാണെങ്കിൽ 50 മി.ഗ്രാം മാത്രമുള്ള ASA-50 എന്ന ബ്രാൻഡിന്റെ വില 78 പൈസയാണ്! (പട്ടിക 2)

മരുന്നുകമ്പനികൾ DPCO യുടെ നിർദ്ദേശങ്ങൾ ലംഘിക്കുന്നത് തടയാനും അവർ നടത്തുന്ന മേൽസൂചിപ്പിച്ച തരത്തിലുള്ള തട്ടിപ്പുകൾ നിർത്തലാക്കാനുമാണ് NPPA ക്ക് രൂപം നൽകിയത്. അതേ ഏജൻസിതന്നെയാണ് DPCO യുടെ പരിമിതമായ നിയന്ത്രണം പോലും നീക്കം ചെയ്യാനുള്ള മരുന്നു കമ്പനികളുടെ ആവശ്യത്തിന് കീഴടങ്ങിയതെന്നതാണ് നിർഭാഗ്യകരമായ കാര്യം.

17 മരുന്നുകളുടെ വില വർധിപ്പിച്ചപ്പോൾ 26 മരുന്നുകളുടെ വില കുറച്ചില്ലേ എന്നാണ് മരുന്നുകമ്പനികളുടെ വക്താക്കൾ ചോദിക്കുന്നത്. താരതമ്യേന ഉപയോഗം കുറഞ്ഞ മരുന്നുകളുടെ വിലയാണ് കുറച്ചിട്ടുള്ളത്. മാത്രമല്ല ഇവയുടെ ഉൽപാദനം ഫൈസർ ചില മരുന്നുകളുടെ കാര്യത്തിൽ ചെയ്തിട്ടുള്ളത് പോലെ നിർത്തി വെക്കുന്നില്ലെന്നതിനോ ഉൽപാദനം കുറക്കില്ലെന്നതിനോ എന്താണുറപ്പ്? ഇത്തരം സാഹചര്യങ്ങളിൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ പൊതുമേഖലാ കമ്പനികൾ വഴി ഈ മരുന്നുകളുടെ ഉൽപാദനം നടത്താൻ NPPA തയ്യാറാവുമോ? കോടി

പട്ടിക രണ്ട്

ആസ്പിരിന്റെ വില			
ബ്രാൻഡ്	കമ്പനി	മി.ഗ്രാം/ ഗുളിക	10 ഗുളികക്ക്
ASA -50 എ.എസ്.എ–50	German Remedies ജെർമൻ റമഡീസ്	50	7.8
ASPICOT ആസ്പികോട്ട്	CONCEPT കൺസെപ്റ്റ്	80	3.21
MICROPYRIN മൈക്രോപൈറിൻ	NICHOLAS* നിക്കോളാസ്	350	2.14
DISPRIN ഡിസ്പിരിൻ	RECKITTS* റെക്കിറ്റ്സ്	350	2.51
APIDIN ആപിഡിൻ	IDPL* ഐ.ഡി.പി.എൽ	200	2.42
COLSPIRIN കോൾസ്പിരിൻ	RECKITTS* റെക്കിറ്റ്സ്	325	1.92

**മറ്റുചില ഘടകങ്ങൾ കൂടി അടങ്ങിയത്*

ക്കണക്കിനു ജനങ്ങൾക്കാവശ്യമായ അയേൺ(IRON) ടാബ്ലെറ്റടക്കം 4 മരുന്നുകളുടെ കുത്തകഉൽപാദനാവകാശം പൊതുമേഖലാ കമ്പനിയായ IDPL ൽ നിന്നു നീക്കം ചെയത് സ്വകാര്യ കമ്പനികളെ ഏൽപിച്ച സർക്കാരിൽ നിന്ന് ഇത്തരമൊരു ധീരമായ നടപടിഉണ്ടാകുമെന്ന് പ്രതീക്ഷിക്കാനാവുമോ?. അതിനും പുറമേ, മരുന്നുകമ്പനികളുടെ പഴയകാല ചരിത്രം കാണിക്കുന്നത്, ഉൽപാദനം നിർത്തി, സർക്കാരിൽ സമ്മർദം ചെലുത്തി പിന്നീട് വില വർധിപ്പിക്കലാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

അതൊക്കെ പോകട്ടെ, കൂടുതൽ മരുന്നുകളുടെ വിലകുറച്ച മരുന്നു കമ്പനികൾ നഷ്ടത്തിൽ നടക്കുകയാണോ? ഇത് പരിശോധിക്കാനുള്ള എറ്റവും നല്ല മാർഗം ഓഹരി വിപണികളുടെ ഗതി നോക്കുകയാണല്ലോ? NPPA യുടെ തീരുമാനം വന്നയുടൻതന്നെ നൊവർടീസ് (Novaritis) ഗ്ലാക്സോ, ജർമൻറെമഡീസ്, ഫൈസർ, പാർക്ക് ഡേവീസ്, ഇ–മെർക്ക് , നോൾ ഫാർമ തുടങ്ങിയ കമ്പനികളുടെ ഓഹരി വില ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കുത്തനെ ഉയരുകയാണുണ്ടായത്. (പട്ടിക മൂന്ന്)

പട്ടിക മൂന്ന്

മരുന്നു കമ്പനികളുടെ ഓഹരി വിലവർധന		
കമ്പനി	ഔഷധവില വർധന വിനു ശേഷം ഓഹരിരൂപ	ഓഹരി വില വ്യത്യാസം
ഗ്ലാക്സോ	770.00	+35.00
നോവാർടിസ്	978.85	+38.85
ബറോസ് വെൽക്കം	738.85	+34.85
ഇ.മെർക്ക്	620.40	+45.80
ജർമൻ റെമഡീസ്	820.00	+54.00
റാൻബാക്സി	628.00	+28.00
നിക്കോളാസ്	315.95	+10.80

ഔഷധ കമ്പനികൾ കൂടുതൽ തുക ഗവേഷണാവശ്യങ്ങൾക്ക് വേണ്ടി നീക്കി വക്കുന്നതിനുള്ള പ്രോത്സാഹനമായാണ് മരുന്ന് വിലവർധിപ്പിക്കാൻ അനുവദിച്ചതെന്നാണ് കേന്ദ്രഗവണ്മെന്റിന്റെ വിശദീകരണം. എന്നാൽ ഈ ന്യായീകരണത്തിന് സാധുതയില്ലെന്ന് തെളിഞ്ഞിട്ടുണ്ട്. 1986ൽ വിലനിയന്ത്രണത്തിൽ അയവുവരുത്തിയപ്പോഴും ഇതേ വാദമുഖമാണ് ഗവണ്മെന്റുന്നയിച്ചത്. 1986-ന് മുമ്പ് മൊത്തം വിറ്റുവരവിന്റെ കേവലം 2 ശതമാനം മാത്രമാണ് മരുന്നുകമ്പനികൾ ഗവേഷണത്തിനും വികസനത്തിനുമായി നീക്കിവച്ചിരുന്നത്. പത്തു വർഷത്തിനുശേഷം 1996-ൽ വിലയിരുത്തിയപ്പോൾ വിലവർധനവിനെ തുടർന്ന് ഭീമമായ ലാഭം കുന്നുകൂടിയിട്ടും ഗവേഷണ ചെലവ് അൽപവും വർധിച്ചിട്ടില്ലെന്നാണ് കാണാൻ കഴിഞ്ഞത്. മാത്രമല്ല മരുന്നുകമ്പനികളുടെ വരുമാനവും ലാഭവും സങ്കല്പാതീതമായി വർധിച്ചു വരുന്നതായിട്ടാണ് കണ്ടുവരുന്നത്. (പട്ടിക നാല്)

ഒരു പുതിയ മരുന്നു മാർക്കറ്റിലിറക്കാൻ 50 കോടി ഡോളർ (ഏതാണ്ട് 2000കോടി രൂപ) ചെലവാക്കേണ്ടി വരുമെന്നാണ് കമ്പനികൾ അവകാശപ്പെടുന്നത്. ഇത് പൂർണ്ണമായും ശരിയല്ലെന്ന് ചില ഔഷധ സാമ്പത്തിക വിദ്ഗ്ധർ വ്യക്തമാക്കിയിട്ടുണ്ട്. അതിരിക്കട്ടെ അമേരിക്കയിൽ പോലും പല നവീന മരുന്നുകളും പൊതു ഉടമസ്ഥതയിലുള്ള സ്വതന്ത്ര ഗവേഷണസ്ഥാപനങ്ങളിലെ ഗവേഷണഫലമായി കണ്ടു പിടിക്കപ്പെട്ടവയാണ്. അവയുടെ മാർക്കറ്റിങ് മാത്രം ഏറ്റെടുത്താണ് മരുന്നു കമ്പനികൾ കൊള്ള ലാഭം തട്ടിയെടുക്കുന്നത്. ഈ പ്രശ്നം അമേരിക്കയിൽ പ്രധാന വിവാദ വിഷയമായി ഉയരുകയും നിരവധി ജനകീയശാസ്ത്രപ്രസ്ഥാനങ്ങൾ ഇക്കാ

ര്യത്തിൽ ഇടപെട്ട് മരുന്നുകമ്പനികളുടെ വാദങ്ങളുടെ പൊള്ളത്തരം തുറന്നു കാണിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും നല്ല ഉദാഹരണം വളരെയേറെ പ്രകീർത്തിക്കപ്പെട്ട എയ്ഡ്സിനുള്ള സിഡുവിഡിൻ (ZIDUVIDINE) എന്ന മരുന്നിന്റെ കണ്ടുപിടിത്തം തന്നെയാണ്. ഈ മരുന്ന് 1964-ൽ നാഷനൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.ജറോം ഹോറോവിറ്റ്സ് (Dr. Jerome Horowitz) കാൻസർ ചികിത്സക്കായി ഉപയോഗിച്ചു ഗുരുതരമായ പാർശ്വഫലം മൂലം ഉപേക്ഷിച്ച ഔഷധമാണ്. പിന്നീട് 1984-ൽ ഇതേ സ്ഥാപനത്തിലെ ഡോ.സാമുവൽ ബോർഡർ (Dr.Samuel Border) ആണ് ഈ മരുന്ന് എയ്ഡ്സ് ചികിത്സക്ക് നല്ലതാണെന്ന് കണ്ടെത്തിയത്. നാഷനൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ബറോസ് വെൽക്കം (Burrows Welcom) എന്ന കുത്തക കമ്പനിക്ക് സിഡുവിഡിന്റെ വിപണന അധികാരം നല്കുകയാണുണ്ടായത്. 1996-ൽ മാത്രം 250 കോടി ഡോളർ ലാഭമാണ് ഈ മരുന്നിന്റെ വില്പനയിലൂടെ കമ്പനി സമ്പാദിച്ചത്.

പട്ടിക നാല്

അമേരിക്കൻ കുത്തക കമ്പനികളുടെ ആഗോള ലാഭം (1996)

കമ്പനി	ലാഭം (ഡോളർ)
ബ്രിസ്റ്റോൾ മേയർ	285 കോടി
ഫൈസർ	193 കോടി
ലിലി	152 കോടി
സ്മിത് ക്ലിൻ ബീക്കാം	97 കോടി
ജോൺസൺ &ജോൺസൺ	290 കോടി
നോവാർടിസ്	210 കോടി

(1കോടി ഡോളർ ഏതാണ്ട് 43 കോടി ഇന്ത്യൻ രൂപ)

മറ്റൊരുദാഹരണം കാൻസർ ചികിത്സക്കാവശ്യമായ TAXOL (ടാക്സോൾ) CARBOPLASTINE (കാർബോ പ്ലാസ്റ്റിൻ) തുടങ്ങിയ മരുന്നുകളാണ്. രണ്ടു മരുന്നുകളും അമേരിക്കൻ ഗവണ്മെന്റ് മുഖ്യമായും ഫണ്ടു ചെയ്തു ഗവേഷണം നടത്തി വികസിപ്പിച്ചെടുത്തതാണ്. പിന്നീട് ബ്രസ്റ്റോൾ മേയർ സ്കിബ് (Bristdol Mayor Squib) എന്ന കമ്പനി ഇതിന്റെ വിതരണാവകാശം ഏറ്റെടുക്കുക മാത്രമാണ് ഉണ്ടായത്. ടാക്സോളിന്റെ ഗവേഷണത്തിനായി 10 ദശലക്ഷം ഡോളർ കമ്പനി ഗവണ്മെന്റിന് നല്കിയിരുന്നു. എന്നാൽ ഔഷധം മാർക്കറ്റിലിറക്കി ആദ്യ വർഷം തന്നെ ഇവർ 10 കോടി ഡോളർ ലാഭം സമ്പാദിച്ചു. അപൂർവ രോഗമായ ഗോചേർസ്

(Gauchers) രോഗത്തിനാവശ്യമായ ALGLUCERACEC (ആൽഗ്ലൂസെറേസ്) എന്ന മരുന്നും നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കണ്ടുപിടിച്ച് വിൽപനക്ക് ജെൻസൈം കോർപ്പറേഷൻ Genzydme Corporation) എന്ന മരുന്നുകമ്പനിയെ ഏൽപ്പിച്ചതാണ്. ഇത്തരം അപൂർവ രോഗങ്ങൾക്കാവ ശ്യമായ ഔഷധ ഗവേഷണത്തിന് വൻതോതിൽ സാമ്പത്തിക സഹായം നല്കുന്നതിന് Orphan Drug Act (ഓർഫൻ ഡ്രഗ് ആക്ട്) എന്ന പേരി ൽ ഒരു പ്രത്യേക നിയമം തന്നെ അമേരിക്കൻ സെനറ്റ് പാസ്സാക്കിയിട്ടുണ്ട്.

ഇന്ന് പ്രചാരത്തിലുള്ള നിരവധി മരുന്നുകൾ പൊതുജനങ്ങളുടെ പണ മുപയോഗിച്ച് സ്വതന്ത്ര ഗവേഷണ സ്ഥാപനങ്ങളിൽ ലാഭേച്ഛയില്ലാത്ത ഗവേഷകർ വികസിപ്പിച്ചെടുത്തതാണ്. ഇത് മറച്ചുവെച്ചു കൊണ്ടാണ് മരുന്നു കമ്പനികൾ ഗവേഷണ ചെലവിന്റെ കാര്യം പറഞ്ഞു മരുന്നു വില വർധിപ്പിക്കാൻ ആവശ്യപ്പെടുന്നത്.

ഇന്ത്യയിലെ ഔഷധവില ലോകമാർക്കറ്റുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണെന്നും അതുകൊണ്ട് വിലവർദ്ധിപ്പിക്കാൻ അനുവദിക്കണമെ ന്നുമാണ് കമ്പനികളുടെ മറ്റൊരു വാദം. ഇതൊരു അർദ്ധ സത്യം മാത്ര മാണ്. 1970 ൽ നടപ്പിലാക്കിയ ഇന്ത്യൻ പേറ്റൻസി നിയമത്തിനു മുൻപ് ലോകത്തിൽ ഏറ്റവുമധികം വിലക്ക് മരുന്നുകൾ വിറ്റുവന്നിരുന്ന രാജ്യ ങ്ങളിലൊന്നായിരുന്നു ഇന്ത്യ. അന്താരാഷ്ട്ര ഔഷധവിലയെ സംബന്ധിച്ച് പഠനം നടത്തിയ അമേരിക്കൻ സെനറ്റർ കോഫർ (Kafauer) ഇക്കാര്യം ലോകശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഇന്ത്യൻ പേറ്റൻസി നിയമവും 1977-ലെ DPCOയും ചേർന്നാണ് ഇന്ത്യയിലെ ഔഷധ വില മാറ്റു വികസ്വര രാജ്യങ്ങളിലേതിൽ നിന്ന് കുറച്ചു കൊണ്ടു വരാൻ സാഹചര്യം ഒരുക്കി യത്. (പട്ടിക അഞ്ച്). എന്നാൽ ഇപ്പോഴും പല മരുന്നുകൾക്കും ഇന്ത്യ യിലെ വില ലോക മാർക്കറ്റിലേതിലും കൂടുതലാണെന്ന വസ്തുത വിസ്മ രിക്കരുത്. (പട്ടിക ആറ്)

1970-ലെ പേറ്റൻസി നിയമം മൂലം പുതുതായി പേറ്റന്റു ചെയ്യപ്പെടുന്ന മരുന്നുകൾക്ക് ഇന്ത്യയിൽ വിദേശ രാജ്യങ്ങളുടേതിനേക്കാൾ വില കുറ വാണ് എന്നത് ശരിതന്നെ. എന്നാൽ പേറ്റന്റ് കഴിഞ്ഞ പല മരുന്നുകളു ടെയും വില ഇന്ത്യയിൽ വികസിതരാജ്യങ്ങളുടേതിനേക്കാൾ കൂടുതലാണ്. ഇപ്പോൾ ഏതായാലും ലോക വ്യാപാരസംഘടനയുടെ സമ്മർദ്ദത്തിന് വിധേയമായി ലോകമെങ്ങും പ്രകീർത്തിക്കപ്പെട്ട ഇന്ത്യൻ പേറ്റൻസി നിയമം മാറ്റാൻ തീരുമാനിച്ചതോടെ പേറ്റന്റു ചെയ്യപ്പെട്ടവയും അല്ലാത്ത വയുമായ മരുന്നുകളുടെ വില ഒരു പോലെ വർധിക്കുമെന്ന സ്ഥിതിയാണ് സംജാതമായിട്ടുള്ളത്. ഇനി വാദത്തിനുവേണ്ടി ഇന്ത്യയിലെ ഔഷധവില

കുറവാണെന്ന് സമ്മതിച്ചാൽ പോലും മറ്റൊരു വസ്തുത വിസ്മരിക്കരുത്. മൊത്തം ആരോഗ്യ ബഡ്ജറ്റിൽ ഔഷധ ചെലവു ആപേക്ഷികമായി ഇന്ത്യയടക്കമുള്ള വികസ്വരരാജ്യങ്ങളിൽ വികസിത രാജ്യങ്ങളുടെതിനേക്കാൾ വളരെ കൂടുതലാണ്. വികസ്വര രാജ്യങ്ങളിൽ ഔഷധ ചെലവ് 20 മുതൽ 40 ശതമാനം വരെയുള്ളപ്പോൾ വികസിതരാജ്യങ്ങളിൽ ഇത് 5മുതൽ 10 ശതമാനം വരെ മാത്രമാണ്.

പട്ടിക അഞ്ച്

ഔഷധ വില: ഇന്ത്യ-ശ്രീലങ്ക താരതമ്യം
(ശ്രീലങ്കൻ രൂപയിൽ)

മരുന്ന്	ഇന്ത്യൻ വില	ശ്രീലങ്കൻ വില	വില കൂടുതൽ ശതമാനം
1. BETNASOL N 5Ml (ബെറ്റ്നസോൾ)	13.77	173.75	1261
2. ZOVIRAX (സോവിറാക്സ്)	64.8	204	319
3. CELESTONE (സെലസ്റ്റോൺ)	2.86	208.4	1200
4. VENTOLIN INHALER (വെന്റോളിൻ ഇൻഹേലർ)	110.16	368	334
5. VENTOLIN INJECTION (വെന്റോളിൻ ഇഞ്ചക്ഷൻ)	5.67	406.5	7100
6. SEPTRIN (സെപ്ട്രിൻ)	12.96	50.53	389

സർക്കാരിന്റെ മറ്റൊരു ജനവഞ്ചനയും ഇപ്പോഴത്തെ വിലവർധന അനാവരണം ചെയ്തിരിക്കയാണ്. ഇന്ത്യയിൽ ഔഷധവില പിടിച്ചുനിർത്തുന്നതിൽ വലിയൊരു പരിധി വരെ സഹായിച്ചിട്ടുള്ള 1970-ലെ ഇന്ത്യൻ പേറ്റൻസി നിയമം ലോകവ്യാപാരസംഘടനയുടെ സമ്മർദ്ദത്തിനു വഴങ്ങി മാറ്റാൻ കേന്ദ്രഗവണ്മെന്റ് ചില പ്രതിപക്ഷകക്ഷികളുടെ കൂടി ഒത്താശയോടെ തീരുമാനിച്ചിരിക്കയാണല്ലോ. പേറ്റൻസി നിയമം മാറ്റിയാലും ഔഷധ വില നിയന്ത്രണസംവിധാനം നിലവിലുള്ളതു കൊണ്ട് മരുന്നുകളുടെ വിലവർധിക്കില്ലെന്നായിരുന്നു സർക്കാരിന്റെ ഇതുവരെയുള്ള നിലപാട്. അതേ ഗവണ്മെന്റു തന്നെ യാതൊരു മടിയുമില്ലാതെ പരിമിതമായ

വില നിയന്ത്രണം ഇല്ലാതാക്കിയിരിക്കയാണ്. ലോകവ്യാപാര സംഘടന യുടെ മറ്റു നിബന്ധനകൾ കൂടി നടപ്പിലാക്കി തുടങ്ങുമ്പോൾ ഔഷധ വില ഇനിയും ഭീമമായി വർധിക്കും.

പട്ടിക. ആറ്

മരുന്നുകളുടെ താരതമ്യ വില (ഡോളർ കണക്കിൽ)			
മരുന്ന്	എണ്ണം	അന്താരാഷ്ട്ര വില	ഇന്ത്യയിലെ വില
അമോക്സിസിലിൻ 500 മി.ഗ്രാം	100	6.84	28.59
സെഫലെക്സിൻ 250 മി.ഗ്രാം	100	8.60	14.00
ക്ലോറാം ഫെനിക്കോൾ 250 മി.ഗ്രാം	100	2.13	5.71
ഫ്യൂറോസമൈഡ് 40 മി.ഗ്രാം	100	0.62	0.95
നിഫിഡിപ്പിൻ 10 മി.ഗ്രാം.	100	3.14	21.14

മരുന്നുവില വർധിപ്പിക്കുന്നതോടെ കൂടുതൽ ഔഷധ കമ്പനികൾ മരുന്നുകൾ മാർക്കറ്റിലിറക്കുമെന്നും അങ്ങനെ മത്സരത്തിലൂടെ മരുന്നുവില താനേ കുറയുമെന്നുമാണ് സർക്കാരിന്റെ മറ്റൊരു വാദം. മറ്റുല്പന്നങ്ങളിൽ നിന്നും വ്യത്യസ്തമായി ഔഷധങ്ങൾ വേണമെന്ന് നിശ്ചയിക്കുന്നതോ, ഏത് ഔഷധമാണ് വേണ്ടതെന്ന് തീരുമാനിക്കുന്നതോ രോഗികളോ അവരുടെ ബന്ധുക്കളോ ആയ ഉപഭോക്താക്കളല്ല. ഔഷധം നിർദ്ദേശിക്കുന്ന ഡോക്ടർമാരാണ്. അതുകൊണ്ടാണ് മരുന്നു കമ്പനികൾ ഔഷധ പ്രചരണത്തിനായി കോടിക്കണക്കിന് ഡോളർ ചെലവഴിക്കുന്നത്. മരുന്നുകളുടെ പരസ്യത്തിനും ഡോക്ടർമാരെ സ്വാധീനിക്കാനുമായി അമേരിക്കയിൽ ഒരു വർഷം കമ്പനികൾ ആയിരം കോടി ഡോളർ (ഏതാണ്ട് നാല്പതിനായിരം കോടി രൂപ)ആണ് ചെലവഴിക്കുന്നത്. അമേരിക്കയിൽ 1994-ൽ 35,000 മെഡിക്കൽ റെപ്രസന്റേറ്റീവുമാർ ഉണ്ടായിരുന്നത് 1998-ൽ 56,000 ആയി വർധിച്ചു. അവിടെ 11 ഡോക്ടർമാർക്ക് ഒരു റെപ്രസന്റേറ്റീവ് വീതമാണുള്ളത്. ഒരു ഡോക്ടർക്കുവേണ്ടി മരുന്നു കമ്പനികൾ ഔഷധപ്രചരണത്തിനായി ശരാശരി 1 ലക്ഷം ഡോളർ (40 ലക്ഷം രൂപ) വർഷം തോറും ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്നു. മൊത്തം വിറ്റുവരവിന്റെ 35 ശതമാനം പ്രചരണത്തിനായി വിനിയോഗിക്കുന്ന മരുന്നു കമ്പനികൾ ഔഷധ ഗവേഷണത്തിനായി ഈ തുകയുടെ പകുതിയിൽ താഴെ മാത്രമാണ് ചെലവാക്കുന്നത്.

ഔഷധ കമ്പനികളുടെ പ്രചരണതന്ത്രങ്ങളുടെ അടിസ്ഥാനം തങ്ങ

ളുടെ ഉല്പന്നത്തിന്റെ മേന്മ ഡോക്ടർമാരെ ബോധ്യപ്പെടുത്തലാണ്. ഒരേ ചികിത്സാക്ഷമതയുള്ള മരുന്നുകൾ പല കമ്പനികൾ വ്യത്യസ്ത കമ്പനി നാമങ്ങളിൽ (ബ്രാന്റു നാമങ്ങളിൽ) മാർക്കറ്റു ചെയ്യുന്നു. തങ്ങളുടെ ബ്രാന്റിന്റെ "ഇമേജ്" ഡോക്ടർമാരുടെ മനസ്സിലെത്തിക്കുന്ന കമ്പനിക്ക് വിപണിയുടെ കുത്തക ലഭിക്കുന്നു. ഏറ്റവും പ്രചാരത്തിലുള്ള മരുന്നുകൾക്ക് അതേ ഗുണവും ഫലസിദ്ധിയുമുണ്ടെങ്കിലും പ്രചരണത്തിൽ പിന്നിൽ നില്ക്കുന്ന മരുന്നുകളെക്കാൾ എപ്പോഴും വില കൂടുതലായിരിക്കും. (പട്ടിക ഏഴ്). ഈ കാരണംകൊണ്ടാണ് മരുന്നുകൾക്ക് കമ്പനി നാമങ്ങൾക്ക് പകരം രാസനാമം (genaric name)ഏർപ്പെടുത്തണമെന്ന് ഹാത്തിക്കമ്മറ്റി ശുപാർശ ചെയ്തത്.

ഡോക്ടർമാരെ സ്വാധീനിക്കാൻ ശ്രമിക്കുന്നതോടൊപ്പം ജനങ്ങളെ നേരിട്ട് സ്വാധീനിക്കാനുള്ള പുതിയ വിപണന തന്ത്രങ്ങളും മരുന്നു കമ്പനികൾ സ്വീകരിച്ചു വരികയാണ്. Direct to Consumer Advertisement (DTC) എന്നാണ് ഈ രീതിയെ വിശേഷിപ്പിക്കുന്നത്. രോഗങ്ങളെ കുറിച്ചും ഔഷധങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാനും അങ്ങനെ ജനങ്ങളുടെ തെരഞ്ഞെടുക്കാനുള്ള അവകാശവും അറിവോടു കൂടിയ അംഗീകാരവും (Informed Consent) മെച്ചപ്പെടുത്താനുമാണ് ഇതുവഴി തങ്ങൾ ശ്രമിക്കുന്നത് എന്നാണ് മരുന്നുകമ്പനികൾ അവകാശപ്പെടുന്നത്. പ്രധാനമായും പ്രമേഹം, തുടങ്ങി ദീർഘകാലം ചികിത്സ ആവശ്യമായ രോഗികളുടെ മേൽവിലാസം സംഘടിപ്പിച്ച് നേരിട്ടും, പത്ര-മാസിക ടെലിവിഷൻ പരസ്യങ്ങൾ വഴിയും, ഇന്റർനെറ്റിലെ ഇലക്ട്രോണിക്ക് പരസ്യങ്ങളിലൂടെയും മരുന്നുകളുടെ ഗുണവിശേഷങ്ങൾ പെരുപ്പിച്ചു കാട്ടിയും പാർശ്വഫലങ്ങളും അപകടസാധ്യതകളും മറച്ചു വെച്ചും മരുന്നു കമ്പനികൾ ജനങ്ങളിൽ ഔഷധങ്ങളെ സംബന്ധിച്ചു തെറ്റിദ്ധാരണ പരത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ വളരെ സമർത്ഥമായി പ്രചരിപ്പിച്ച് വിജയിച്ച മരുന്നുകളിലൊന്നാണ് ലൈംഗിക ഉത്തേജകമരുന്നായ വിയാഗ്ര(Viagra). 1996ൽ അമേരിക്കയിൽ ഇത്തരത്തിൽ ജനങ്ങളിലേക്കുള്ള നേരിട്ടുള്ള ഔഷധ പരസ്യങ്ങൾക്കായി മരുന്നു കമ്പനികൾ 70 കോടി ഡോളർ ചെലവഴിച്ചിരുന്നു. ലോകാരോഗ്യ സംഘടനയുടെ 1999 മെയിൽ ചേർന്ന ലോക ആരോഗ്യ അസംബ്ലി ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള ഔഷധ പ്രചരണത്തെ അപലപിച്ചിട്ടുണ്ട്. ഔഷധ കമ്പനികളുടെ അമിത ലാഭവേഗവും തട്ടിപ്പുകളും ഇന്ത്യയെപ്പോലുള്ള വികസ്വരരാജ്യങ്ങളിൽ മാത്രമല്ല. ബഹുരാഷ്ട്രകുത്തക കമ്പനികളുടെ പറുദീസയായ അമേരിക്കയിൽ പോലും ആരോഗ്യരംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു വരിക

പട്ടിക. ഏഴ്

ബ്രാൻഡ് നാമം	രാസനാമം	കമ്പനി	വില (രൂപ)	ഏറ്റവുംകുറഞ്ഞ ബ്രാൻഡുമായുള്ള വില വ്യത്യാസം (ശതമാനം)
സിഫ്രാൻ (250 മി.ഗ്രം x10) (CIFRAN)	സിഫ്രോപ്ലോസാക്സിൻ (CIFROFLOXACIN)	റാൻബാക്സി (RANBAXY)	50.43	100.12
നോർഫ്ളോക്സ് (NORFLOX) (400 മി ഗ്രാംx10)	നോർഫ്ളോക്സിൻ (NORFLOXACIN)	സിപ്ലാ (CIPLA)	47.00	128.93
ആർ.സിൻ (R-CIN) (450 മി ഗ്രാംx10)	റിഫാംപെസിൻ (REFAMPICIN)	ലൂപിൻ (LUPIN)	59.22	145.5
ആൽ ത്രോമൈസിൻ (ALTHROMYCIN) (250 മി.ഗ്രാം x10)	എറിത്രോമൈസിൻ (ERYTHROMYCIN)	അലംബിക്ക് (ALEMBIC)	41.70	35

യാണ്. ഔഷധങ്ങളുടെ അമിത വില ഇൻഷ്വറൻസു കമ്പനികളെയും കോർപ്പറേറ്റ് ആശുപത്രി ഉടമകളെയും അസ്വസ്ഥരാക്കി തുടങ്ങിയിട്ടുണ്ട്. മറ്റു മുതലാളിത്ത രാജ്യങ്ങളിൽ നിന്നെങ്കിലുമുള്ള മരുന്നു കമ്പനികളുടെ അധാർമ്മിക വിപണന തന്ത്രങ്ങൾക്കും അമിതലാഭമോഹങ്ങൾക്കുമെതിരെ ചില നടപടികളെങ്കിലും സ്വീകരിക്കാൻ അമേരിക്കൻ ഗവണ്മെന്റ് നിർബ ന്ധിക്കപ്പെട്ടു വന്നിട്ടുള്ളത് ഈ സാഹചര്യത്തിലാണ്. അടുത്ത കാലത്ത് അമേരിക്കയുടെ അറ്റോർണി ജനറൽ ജാനറ്റ് റെനോ (Janet Reno) വിറ്റാമി നുകൾക്ക് അമിത ലാഭം ഈടാക്കിയതിന് സ്വിറ്റ്സർലണ്ടിലെ റോഷ് കമ്പനി (Roche) യോടു 50 കോടി ഡോളറും ജർമനിയിലെ ബി എ എസ് എഫ് (BASF) കമ്പനിയോട് 22.5 കോടി ഡോളറും പിഴയടക്കാൻ ആവ ശ്യപ്പെട്ടത് ലോക ശ്രദ്ധ ആകർഷിച്ചിരുന്നു. മാത്രമല്ല, റോഷ് കമ്പനിയുടെ ആഗോള മാർക്കറ്റിംഗ് ഡയറക്ടർ കുനോ സോമറെ (Kuno Sommer) ഔഷധ വില തട്ടിപ്പിന് 4 മാസം തടവിനും 1 ലക്ഷം ഡോളർ പിഴയട ക്കാനും വിധിച്ചു കൊണ്ട് റെനോ ലോക ഔഷധ കുത്തകകളെ ഞെട്ടി ച്ചിരിക്കുകയുമാണ്.

ലോക വ്യാപാരസംഘടനയുടെ TRIPS തുടങ്ങിയ കരിനിയമങ്ങളിലെ പഴുതുകളുപയോഗിച്ചു പല രാജ്യങ്ങളും ജനങ്ങൾക്കാശ്വാസം പകരാൻ ശ്രമിച്ചു വരികയാണ്. TRIPS നിയമത്തിലെ 6-ാം വകുപ്പു പ്രകാരം പൊതു താല്പര്യം സംരക്ഷിക്കാൻ ഔഷധ വില കുറവുള്ള രാജ്യങ്ങളിൽ നിന്ന് മരുന്നുകൾ ഇറക്കുമതി ചെയ്യാനും (സമാന്തര ഇറക്കുമതി എന്നാണ് ഇതിനെ പറയുന്നത്), 31-ാം വകുപ്പനുസരിച്ചു മരുന്നുകൾ വില കൂട്ടി വില്ക്കുന്ന കമ്പനികളെ ഒഴിവാക്കികൊണ്ട് ദേശീയ കമ്പനികൾക്ക് മരു ന്നുല്പാദനം നടത്താനുമുള്ള അവകാശം നല്കാനും (നിർബന്ധിത ലൈസൻസിംഗ്) ദേശീയ ഗവണ്മെന്റുകൾക്കവകാശം ഉണ്ട്.

ദക്ഷിണാഫ്രിക്ക, തായലണ്ട്, ആസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങൾ സമാന്തര ഇറക്കുമതി വഴി എയ്ഡ്സ് ചികിത്സക്കാവശ്യമായ AZT, DD1 തുടങ്ങിയ മരുന്നുകൾ വില കുറച്ച് ചില രാജ്യങ്ങളിൽ നിന്ന് വാങ്ങിത്തുടങ്ങിയിട്ടുണ്ട്. അമേരിക്ക ഈ നടപടിയെ ശക്തമായി എതിർക്കു കയും അമേരിക്കൻ വ്യാപാര കരിനിയമമായ സ്പെഷ്യൽ 301 ദക്ഷിണ ആഫ്രിക്കക്കെതിരെ പ്രയോഗിക്കുമെന്ന് ഭീഷണി പുറപ്പെടുവിക്കുകയും ചെയ്തിരിക്കയാണ്. ഇതിനെതിരെ ഡമോക്രാറ്റിക്ക് പാർട്ടിയുടെ തന്നെ സെനറ്ററായ ജെസ്സി ജാക്സൻ ജൂനിയർ അമേരിക്കയുടെ ആഫ്രിക്കൻ വ്യാപാര ഉടമ്പടിയിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഒരു ബിൽ (ഇതിനെ HOPE- പ്രതീക്ഷ-എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.) സെനറ്റിൽ

പട്ടിക എട്ട്

ഔഷധ വില അമേരിക്കയും മറ്റു രാജ്യങ്ങളും തമ്മിലുള്ള താരതമ്യം				
ഔഷധം	കമ്പനി	അമേരിക്ക (ഡോളർ)	ഏറ്റവും കുറവ് വില /രാജ്യം	മറ്റു രാജ്യങ്ങളിലെ ശരാശരി വില
1. CLOZAPINE (ക്ലോസാപ്പിൻ)	നൊവാർട്ടിസ് (NOVARTIS)	317.03	51.94/സ്പെയിൻ	111.20
2. OLANZAPINE (ഒലൻസാപ്പിൻ)	ലിലി (LILY)	324.08	76.87/സ്പെയിൻ	163.10
3. RISPERIDONE (റിസ്പെറിഡോൺ)	ജാൻസൻ (JANSSON)	248.86	123.99/ഫ്രാൻസ്	147.90
4. FLUXETINE (ഫ്ളുവോക്സാവിൻ)	ലിലി (LILY)	72.16	25.93/സ്പെയിൻ	34.40
5. FLUVOXAMINE (ഫ്ളൂവോസെറ്റിൻ)	സോൾവേ (SOLVAY)	131.36	30.20/സ്പെയിൻ	56.30
6. SERTALINE (സെർടാലിൻ)	ഫൈസർ (PFIZER)	64.67	29.74/ആസ്ട്രിയ	37.00

അവതരിപ്പിച്ചിരിക്കയാണ്.

ഇതിനിടെ അമേരിക്കയിൽ ഔഷധങ്ങൾക്ക് പല മുതലാളിത്ത രാജ്യങ്ങളുമായി പോലും തട്ടിച്ചു നോക്കുമ്പോൾ അമിത വിലയാണ് മരുന്നു കമ്പനികൾ ഈടാക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. (പട്ടിക എട്ട്) ഈ സാഹചര്യത്തിൽ വില കുറവുള്ള രാജ്യങ്ങളിൽ നിന്ന് സമാന്തര ഇറക്കുമതി വഴി വില കുറഞ്ഞ മരുന്നുകൾ ലഭ്യമാക്കാൻ H.R.1885 എന്ന ബില്ല് ചില റിപ്പബ്ലിക്കൻ സെനറ്റർമാർ ജനപ്രതിനിധി സഭയിൽ അവതരിപ്പിച്ചിരിക്കയാണ്. അമേരിക്കൻ മരുന്നു കമ്പനികളുടെ സംഘടനയായ PhRMAC (Pharmaceutical Research and Manufacturers of America) ഈ ബില്ലിനെ നഖശിഖാന്തം എതിർത്തിരിക്കയാണ്. അമേരിക്കൻ തെരഞ്ഞെടുപ്പുകളിൽ ഇരു പാർട്ടികൾക്കും കോടിക്കണക്കിനു ഡോളർ സംഭാവന ചെയ്യുന്ന PhRMAയെ അവഗണിച്ച് ജനപക്ഷത്തു ചേരാൻ ഗവണ്മെന്റു തയ്യാറാവുമോയെന്ന് കണ്ടറിയണം.

ഇന്ത്യയെപ്പോലെ അവശ്യമരുന്നുകൾ ഏതാണ്ട് പൂർണമായും ഉദ്പാദിപ്പിക്കാൻ സാങ്കേതികശേഷിയുള്ള ഒരു രാജ്യത്തിന് നിർബന്ധിത ലൈസൻസിങ് വഴിയും, ജനറിക്ക് ഔഷധങ്ങളുടെ ഉല്പാദനത്തിലൂടെയും അവശ്യമരുന്നുകൾ വില കുറച്ചു ജനങ്ങൾക്ക് ലഭ്യമാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. ലോകാരോഗ്യ സംഘടന നിർദ്ദേശിച്ച 250 അവശ്യമരുന്നുകളിൽ 2 എണ്ണത്തിനു മാത്രമാണ് പേറ്റന്റ് സംരക്ഷണമുള്ളത്. ഇവയുടെ പേറ്റന്റു കാലാവധിയും 1-2 വർഷങ്ങൾക്കകം അവസാനിക്കും.ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ദേശീയ പൊതു മേഖല കമ്പനി വഴി ജനറിക്ക് ഔഷധങ്ങൾ വൻതോതിൽ ഉല്പാദിപ്പിച്ചു ലോക മാർക്കറ്റു പോലും പിടിച്ചടക്കാൻ ഇന്ത്യക്ക് കഴിയും. രാഷ്ട്രീയ ഇച്ഛാശക്തിയും ജനങ്ങളോട് പ്രതിബദ്ധതയുമുള്ള രാഷ്ട്രീയ നേതൃത്വം വേണമെന്ന് മാത്രം. ●

Oushadha Vilavardhanayum
Janangalude Arogyavum
Printed and Published by Kerala Sastra Sahithya Parishad, Cochin- 682024
Price: Rs.3
Printed at Kamala Offset Printers, Kozhikode-673001, Ph: 721020

KSSP 921 IE July99 D1/8 2K 300 LL 12/99